**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2886** **25-06-2024 - ൽ മറുപടിയ്ക്ക്**

**അപകട ഭീഷണി ഉയർത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ച് നീക്കം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭ, പുന്നയൂർ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തുകൾ എന്നിയുടെ തീരപ്രദേശങ്ങളിൽ എത്ര കാറ്റാടി മരങ്ങളുണ്ടെന്നും ആയതിൽ വീടുകൾക്കും വൈദ്യുതിലൈനിനും ഭീഷണിയായി എത്ര കാറ്റാടി മരങ്ങൾ നിലനിൽക്കുന്നുവെന്നും വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് നഗരസഭ, പുന്നയൂർ, പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ തീരപ്രദേശങ്ങളിൽ 2,85,000 ഓളം കാറ്റാടി മരങ്ങൾ തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി വിഭാഗം വച്ചുപിടിപ്പിച്ചിട്ടുണ്ട്. കൂടാതെ സ്വാഭാവിക പുനരുത്പാദനത്തിലൂടെയും ടി പ്രദേശങ്ങളിൽ കാറ്റാടി മരങ്ങൾ വളർന്നു വന്നിട്ടുണ്ട്. വീടുകൾക്കും വൈദ്യുതി ലൈനിനും ഭീഷണിയായി നിൽക്കുന്ന കാറ്റാടി മരങ്ങൾ സംബന്ധിച്ച മുഴുവൻ അപേക്ഷകളിലും തീരുമാനം എടുത്തിട്ടുള്ളതും ജില്ലാതല ട്രീ കമ്മിറ്റിയിലും, പ്രാദേശികതല ട്രീ കമ്മിറ്റിയിലും നിലവിൽ അപകടാവസ്ഥയിലുള്ള കാറ്റാടി മരങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാണ്. |
| (ബി) | അപകട ഭീഷണി ഉയർത്തുന്ന കാറ്റാടി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | അപകട ഭീഷണി ഉയർത്തുന്ന മരങ്ങൾ സംബന്ധിച്ച് ലഭ്യമാകുന്ന അപേക്ഷകൾ സാമൂഹിക വനവത്കരണ വിഭാഗം ഓഫീസ് അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക (ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി) ട്രീ കമ്മിറ്റി യോഗം ചേർന്ന് സ്ഥലപരിശോധന നടത്തി അപകടാവസ്ഥയിലുള്ള മരങ്ങൾ പരിശോധിക്കാറുള്ളതും, അപകടാവസ്ഥ ബോദ്ധ്യപ്പെടുന്ന മരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കി വരുന്നുമുണ്ട്. ആയതിലേയ്ക്ക് മരങ്ങളുടെ വിലനിർണ്ണയം സംബന്ധിച്ച റിപ്പോർട്ട് സാമൂഹിക വനവത്കരണ വിഭാഗത്തിന്റെ ഓഫീസുകളിൽ നിന്നും സമയബന്ധിതമായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ